പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.241 — 03.02.2021 ന് മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷൻ വഴി സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം ജനസൗഹൃദമാക്കുന്നതിന് ആശുപത്രികളിൽ സൗകര്യപ്രദമായ രജിസ്ട്രേഷൻ സംവിധാനങ്ങൾ, പ്രത്യേക ക്യൂ സമ്പ്രദായം, ഇ-ഹെൽത്ത് വഴി ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരുപ്പ് സ്ഥലങ്ങൾ, സ്ത്രീ-സൗഹൃദ-ഭിന്നശേഷി സൗഹൃദമായ ടോയ്‌ലറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഡ്രസിംഗ് സിസ്റ്റം, കുട്ടികൾക്കായുള്ള പാർക്ക്, ഒ.ആർ.റ്റി. കോർണർ, സ്വകാര്യത ഉറപ്പാക്കുന്ന പരിശോധനാ മുറികൾ മുതലായവയും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും, ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. സമയം ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനവും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലീരോഗക്ലിനിക്കുകൾ ശക്തിപ്പെടുത്തൽ, ആസ്ത്മ, ശ്വാസം മുട്ടൽ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് എന്നിവയും നഴ്സസ് പ്രീ-ചെക്ക്-അപ് തുടങ്ങിയവയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സൂപ്പർ സ്പെഷ്യാലിറ്റി സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലാ/താലൂക്ക് തല ആശുപത്രികളിൽ നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അതിലൂടെ സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ മെച്ചപ്പെടുത്താനും കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുവാൻ എത്ര സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഡോക്ടർ - 400, സ്റ്റാഫ് നഴ്സ് - 400, ലാബ് ടെക്നീഷ്യൻ - 200 എന്നിങ്ങനെ 1000 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ഒ.പി. സമയം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | 13.12.2018 ലെ (സ.ഉ.)നം.3668/2018/ആ.കു.വ പ്രകാരം നാലോ അതിലധികമോ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി.സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(പി.)നം.48/2017/ആ.കു.വ തീയതി 05.08.2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് സംവിധാനം ആഴ്ചയിലെ എല്ലാ ദിവസവും ചുവടെ പറയും പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.<br>തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ, ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 6 വരെ<br>ഞായർ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ ഒ.പി.സമയം ദീർഘിപ്പിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ കുറവുള്ള ചില സ്ഥാപനങ്ങൾ ഒഴികെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വൈകിട്ട് 6 മണി വരെ സേവനം ലഭ്യമാണ്. |

Hari

സെക്ഷൻ ഓഫീസർ